# കുരുമുളക് വിപണി - പുതിയ സീസണിൽ സമ്മർദത്തിന്റെയും ഊഹാപോഹത്തിന്റെയും തരംഗങ്ങൾ ശക്തം

അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ, കാർഷിക സാമ്പത്തിക ശാസ്ത്ര വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, തൃശ്ശൂർ, 680 656

കുരുമുളകിന്റെ ഒക്ടോബർ,നവംബർ, ഡിസംബർ മാസങ്ങളിലെ വില പ്രവചനം ശരിയായി ഭവിച്ചതിന്റെ ആത്മ വിശ്വാസവുമായി കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള അഗ്രികൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ പുതിയ കുരുമുളക് സീസണിലേയ്ക്കുള്ള കമ്മോഡിറ്റി റിപ്പോർട്ട് പുറത്തിറക്കി. കേരളത്തിലെ കർഷകർ, പുതിയ ചരക്ക് വില്പനയ്ക്കായി ഒരുക്കുന്നതിനിടയിൽ ഉല്പാദനത്തെ കുറിച്ച് പരസ്പര വിരുദ്ധമായ വാർത്തകളിറക്കി തെറ്റിദ്ധാരണ പരത്തുവാൻ വിവിധ ഏജൻസികൾ മത്സരിയ്ക്കുന്ന സാഹചര്യത്തിലാണ് ഇൻഡ്യയിലെ ഈ വർഷത്തെ കുരുമുളകിന്റെ ഉല്പാദനം 50,000 ടൺ ആയിരിയ്ക്കുമെന്ന് മാർക്കറ്റ് ഇന്റലിജൻസ് സെന്റർ വിലയിരുത്തുന്നത്.

അമേരിയ്ക്കൻ, യൂറോപ്യൻ രാജ്യങ്ങൾ ആഗോള തലത്തിലുള്ള സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് കരകയറുന്നതിന്റെ പശ്ചാത്തലത്തിൽ ഇൻഡ്യൻ കുരുമുളകിന് കൂടുതൽ കയറ്റുമതിയ്ക്കുള്ള സാധ്യതകൾ ഉണ്ടെന്നാണ് കണക്കുകൂട്ടൽ. ഈ കണക്കു കൂട്ടലുകളെ തെറ്റിച്ചുകൊണ്ട് കാര്യമായ വിദേശ ഓർഡറുകൾ ഇല്ലെന്നാണ് വ്യപാര വൃത്തങ്ങൾ നല്കുന്ന സൂചന. സാധാരണ ഗതിയിൽ ജനുവരി മുതൽ മാർച്ച് വരെയുള്ള വിളവെടുപ്പു കാലത്ത് വൻകിട കച്ചവടക്കാരും കയറ്റുമതി മേഖലയുമായി ബന്ധപ്പെട്ടവരും വൻ തോതിൽ കുരുമുളക് വാങ്ങി സ്റ്റോക്ക് ചെയ്തു വെയ്ക്കുന്നു. എന്നാൽ ഡോളറുമായുള്ള വിനിമയ നിരക്കിൽ രൂപയുടെ വിനിമയ നിരക്ക് ശക്തമാകുന്നതും രാജ്യാന്തര വിപണിയിലെ വിലയേക്കാൾ ഇൻഡ്യൻ കുരുമുളകിന്റെ വില ഉയർപ്പ്ന്നുനില്ക്കുന്നതും ഇത്തരക്കാരെ വിപണിയിൽ നിന്ന് തൽക്കാലം വിട്ടുനിൽക്കാൻ പ്രേരിയ്പ്പിയ്ക്കുന്നു. കുരുമുളകിന്റെ താഴ്ന്ന അവധി വ്യാപാര വിലയും ഇത്തരം ഒരു സൂചനയാണു നല്കുന്നത്.

ഇത്തരത്തിലുള്ള പരസ്പര വിരുദ്ധമായ ഊഹാപോഹങ്ങളുടെയും, സമ്മർദ്ധ തരംഗങ്ങളുടെയും പശ്ചാത്തലത്തിൽ മാർക്കറ്റ് ഇന്റല്ലിജൻസ് സെന്റർ 1995 ജനുവരി മുതൽ 2009 ഡിസംബർ വരെയുള്ള പ്രതിമാസ കുരുമുളക് വിലയെ ശാസ്ത്രീയമായി വിശകലനം ചെയ്ത് ജനുവരി,ഫെബ്രുവരി,മാർച്ച്,ഏപ്രിൽ,മെയ് മാസങ്ങളിലേയ്ക്കുള്ള വില പ്രവചനം തയ്യാറാക്കിയത് താഴെ കൊടുക്കുന്നു.

| മാസം | പ്രവചന വില ( Rs/ Kg) |
|---|---|
| ജനവരി 2010 | **129-138** |
| ഫെബ്രുവരി 2010 | **128-136** |
| മാർച്ച് 2010 | **130-140** |
| ഏപ്രിൽ 2010 | **135-148** |
| മെയ് 2010 | **140-151** |

2010 മാർച്ച് വരെ ഇൻഡ്യൻ കുരുമുളക് വിപണിയിൽ വൻ തോതിലുള്ള വിലകയറ്റത്തിനുള്ള സാധ്യത വിരളമാണെന്നാണ പ്രസ്തുത പഠനം നല്കുന്ന സൂചന. അതിനാൽ, കുരുമുളക് കർഷകർ ഏപ്രിൽ മെയ് മാസങ്ങളിൽ വിപണി സജീവമാകുബോൾ വില്പന ക്രമീകരിയ്ക്കുന്നതായിരിയ്ക്കും കൂടുതൽ അഭികാമ്യം എന്നാണ ഈ പഠനം ചൂണ്ടിക്കട്ടുന്നത്.

